# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4810** **14.11.2019-ൽ മറുപടി നൽകേണ്ടത്**

## തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം

**ചോദ്യം**

**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**
**ശ്രീ.ജോർജ് എം.തോമസ്**
**ശ്രീ.ഒ.ആർ.കേളു**
**ശ്രീ.ഡി.കെ.മുരളി**

**മറുപടി**

**പ്രൊഫ.സി.രവീന്ദ്രനാഥ്**
**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം അറിവു നേടുകയെന്നതിനോടൊപ്പം തൊഴിൽ തേടുക എന്നതു കൂടിയാണെന്ന കാഴ്ചപ്പാടോടെ കേന്ദ്രസർക്കാർ 9-ാം ക്ലാസു മുതലുള്ള വിദ്യാർത്ഥികൾക്ക് നിർബന്ധിതമാക്കിയ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് പ്രകാരമുള്ള തൊഴിലധിഷ്ഠിത കോഴ്സുകൾ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | 101 സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളെ എൻ.എസ്.ക്യു.എഫ് അധിഷ്ഠിതമായി പരിവർത്തനം ചെയ്തിട്ടുണ്ട്. |
| (ബി) | പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ അനുഭവം അവലോകനം ചെയ്തിരുന്നോ; വിശദാംശം നൽകുമോ; | (ബി) | അവലോകനം ചെയ്തിരുന്നു. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി അവസ്ഥാപഠനം നടത്തിയിരുന്നു. |
| (സി) | ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് സംസ്ഥാനത്തിനു ഇപ്രകാരം ഉചിതമായ മാറ്റങ്ങൾ വരുത്തുവാൻ സാധ്യമാണോ; സ്കൂൾ വർക്ക്ഷോപ്പുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | സാധ്യമാണ്. പ്രായോഗിക പരിശീലനം നൽകുന്നതിനുള്ള ലാബ് സജ്ജീകരണങ്ങൾ സാധ്യമാക്കിയിട്ടുണ്ട്. |
| (ഡി) | വി.എസ്.എച്ച്.എസ്.ഇ (വൊക്കേഷനലൈസേഷൻ ഓഫ് സെക്കണ്ടറി ആൻഡ് ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ) എന്ന ഈ പദ്ധതിയും വി.എച്ച്.എസ്.ഇ.യും തമ്മിലുള്ള വ്യത്യാസം എന്താണ്; വ്യക്തമാക്കുമോ; | (ഡി) | ഇന്ത്യയൊട്ടാകെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് വി.എസ്.എച്ച്.എസ്.ഇ<br>വി.എച്ച്.എസ്.ഇ സംസ്ഥാനത്ത് നിലവിൽ നടപ്പിലാക്കിയിട്ടുള്ള തൊഴിലധിഷ്ഠിത പാഠ്യപദ്ധതിയാണ്. |

| | | | |
|---|---|---|---|
| (ഇ) | ഇതിന്റെ പശ്ചാത്തലത്തിൽ ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി ഏകീകരണത്തിന്റെ പ്രാധാന്യവും അതിനായുള്ള നടപടികളുടെ പുരോഗതിയും അറിയിക്കാമോ? | (ഇ) | പൊതു വിദ്യാഭ്യാസ വകുപ്പുകളുടെ ഭരണക്രമം ഒറ്റ ഡയറക്ടറുടെ കീഴിൽ ഏകീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.